പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1072 01/07/2015 - ൽ മറുപടി നല്കേണ്ടത്

**പ്ലസ് വൺ വിദ്യാഭ്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. മാത്യു റ്റി.തോമസ്<br>ശ്രീ. സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |

(എ) നടപ്പ് വർഷം എത്ര വിദ്യാർത്ഥികളാണ് പത്താം ക്ലാസ് പാസായിട്ടുള്ളത് ; അതിൽ കേരള, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ സിലബസുകൾ അനുസരിച്ച് പാസ്സായിട്ടുള്ളവർ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(എ) കേരള സിലബസിൽ 4,61,542 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി. സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ. എന്നീ സിലബസുകളിൽ പഠിപ്പിക്കുന്ന സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ വരാത്തതിനാൽ കൃത്യമായ വിവരം ലഭ്യമല്ല.

(ബി) സംസ്ഥാനത്ത് എത്ര പ്ലസ് വൺ സീറ്റുകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് 2015-2016 അധ്യയന വർഷം ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| District | Total Seats |
|---|---|
| തിരുവനന്തപുരം | 30644 |
| കൊല്ലം | 25872 |
| പത്തനംതിട്ട | 14208 |
| ആലപ്പുഴ | 21886 |
| കോട്ടയം | 21736 |
| ഇടുക്കി | 11572 |
| എറണാകുളം | 30536 |
| തൃശ്ശൂർ | 31044 |
| പാലക്കാട് | 26936 |

| | |
|---|---|
| കോഴിക്കോട് | 33237 |
| മലപ്പുറം | 50286 |
| വയനാട് | 8208 |
| കണ്ണൂർ | 27208 |
| കാസറഗോഡ് | 13622 |
| Total | 346995 |

(സി) പ്ലസ് വൺ പ്രവേശനത്തിന് എത്ര തവണ കേന്ദ്രീകൃത അലോട്ട്മെന്റ് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ വർഷത്തെ പ്ലസ് വൺ പ്രവേശനത്തിന് രണ്ട് മുഖ്യ അലോട്ട്മെന്റും ഒരു സപ്ലിമെന്ററി അലോട്ട്മെന്റും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് ഭേദഗതി വരുത്താനുള്ള അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(ഡി) ഓൺ ലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഏതെങ്കിലും ഒരു സർക്കാർ/എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ വേരിഫിക്കേഷനായി സമർപ്പിക്കേണ്ടതുണ്ട്. അപേകഷയിൽ ഏതെങ്കിലും തിരുത്തലുകൾ വരുത്തുവാൻ ഉദ്ദേശിക്കുന്ന പക്ഷം നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ട് പ്രസ്തുത പ്രിൻസിപ്പളിന് അപേക്ഷ നൽകിയാൽ തിരുത്തൽ വരുത്താവുന്നതാണ്. ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധികരിച്ചതിന്റെ അടുത്ത ദിവസം വരെ ഇപ്രകാരം തിരുത്തൽ വരുത്തുവാൻ അവസ്സരം ഉണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ